"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കാളികാവ് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം-പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടാൻ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.319/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 06/02/2021

---

പരാമർശം:- 1 സ.ഉ.(സാധാ.)നം.1456/2012/ത.സ്വ.ഭ.വ തീയതി 28.05.2012

2 ഗ്രാമവികസന കമ്മീഷണറുടെ 12.01.2021-ലെ 1466 /എച്ച്& റ്റി 2/2020/സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പുതുതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക് രണ്ട് കോടി രൂപ ചെലവിൽ ആഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് പരാമർശം ( 1 ) പ്രകാരം അനുവാദം നൽകിയതിന്റെ അടിസ്ഥാനത്തിൽ കാളികാവ് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തി 2 കോടി രൂപയുടെ ഭരണാനുമതിയും 1.75 കോടി രൂപയുടെ സാങ്കേതികാനുമതിയും നേടിയ ശേഷം 01.11.2016-ന് ടെണ്ടർ നൽകി പ്രവൃത്തി ആരംഭിച്ചിരുന്നു. പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടുവെങ്കിലും 09.01.2017-ന് കരാർ ഒപ്പിട്ട് ആരംഭിച്ച പ്രവൃത്തി 08.07.2018-ന് മുൻപ് പൂർത്തീകരിക്കപ്പെടേണ്ടതായിരുന്നതിനാൽ പ്രവൃത്തിയുടെ ബിൽ തുക നൽകാൻ കഴിയാത്ത സാഹചര്യമാണെന്നും ആയതിനാൽ പൂർത്തീകരണ കാലാവധി പിഴ കൂടാതെ 30.08.2020 വരെ ദീർഘിപ്പിച്ച് ഉത്തരവ് നൽകണമെന്നുമുള്ള ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അപേക്ഷ പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ സമർപ്പിക്കുകയുണ്ടായി. കെട്ടിട നിർമ്മാണത്തിന് തടസ്സമായിരുന്ന വാച്ച്മാൻ ക്വാർട്ടേഴ്സ് പൊളിച്ചു നീക്കുന്നതിലുണ്ടായ കാലതാമസവും, 2018-ലും 2019-ലും ഉണ്ടായ മഹാപ്രളയത്തെത്തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾക്കുണ്ടായ നിയന്ത്രണവും ക്വാറി നിരോധനവും കോവിഡ് മഹാമാരിയെ തുടർന്നുണ്ടായ ലോക്ഡൗണും കെട്ടിട നിർമ്മാണത്തിന്റെ സമയബന്ധിതമായ പൂർത്തീകരണത്തിന് തടസ്സമുണ്ടാക്കിയെന്നും പ്രകൃതി ദുരന്തങ്ങളും കരാറുകാരന്റേതല്ലാതെ കാരണങ്ങളുമാണ് കെട്ടിട നിർമ്മാണം പൂർത്തീകരിക്കാൻ വൈകാനിടയാക്കിയതെന്ന വസ്തുത കണക്കിലെടുത്ത് അനുകൂല ഉത്തരവ് നൽകാവുന്നതാണെന്നും ഗ്രാമവികസന കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ ഓഫീസ് കെട്ടിട നിർമ്മാണത്തിന് 01.11.2016-ന് ടെണ്ടർ നൽകി ആരംഭിച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി പിഴ കൂടാതെ 30.08.2020 വരെ നീട്ടാൻ അനുവാദം

നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ പി എൻ**

**അണ്ടർ സെക്രട്ടറി**

പകർപ്പ്:ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, കാളികാവ്, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി.)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2021.02.08 14:15:43 IST
Reason: Approved

സെക്ഷൻ ഓഫീസർ